**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 542/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 19.02.2010.

---

പരാമർശം:- സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.01.2010-ലെ 1.3 നമ്പർ തീരുമാനം.

## ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളുടെ അറിവും അനുവാദവുമില്ലാതെ ചില ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ സാമ്പത്തിക വർഷാവസാനം തുക കൈമാറുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന തുക ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അതുപോലെ മറ്റ് സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് വിഹിതത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെ ആ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി വകയിരുത്തി ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും തുക ലഭിക്കാതെ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതിരിക്കുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. അതിനാൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പ്രോജക്ടിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരും യോഗം ചേർന്ന് പ്രോജക്ടിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യേണ്ടതും ഓരോ തദ്ദേശഭരണ സ്ഥാപനവും കൈമാറുന്ന തുക സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്. ഈ യോഗത്തിന്റെ മിനിട്സിന്റെ കോപ്പി പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടിനോടൊപ്പം ഉൾപ്പെടുത്തണം.

2) വിഹിതം കൈമാറുന്നതിന് തീരുമാനിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത് സംബന്ധിച്ച് എടുക്കുന്ന ഭരണ സമിതി തീരുമാനത്തിന്റെ കോപ്പി, പ്രോജക്ടിന്റെ നിർവഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം. ഭരണ സമിതി തീരുമാനത്തിൽ കൈമാറുന്ന തുക, ഏത് സ്രോതസ്സിൽ നിന്നുള്ള ഫണ്ടാണ് നൽകുന്നത്, തുക അനുവദിച്ചു നൽകുന്ന തീയതി മുതലായ വിവരങ്ങൾ ഉൾപ്പെടുത്തണം. ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതി തീരുമാനങ്ങളുടെ കോപ്പി ഉൾപ്പെടെയായിരിക്കണം നിർവഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് സമർപ്പിക്കേണ്ടത്.

3) മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ച പ്രകാരമുള്ള മിനിട്സിന്റെയും ഭരണ സമിതി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ജില്ലാ ആസൂത്രണ സമിതികൾ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളൂ.

4) പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണ സമിതി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതിക്കു മുൻപായി വിഹിതം കൈമാറേണ്ടതാണ്. യാതൊരു കാരണവശാലും അത് ഡിസംബർ 31-ന് ശേഷമാകാൻ പാടില്ല.

5) ഏതെങ്കിലും കാരണവശാൽ പ്രോജക്ട് നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ നിർവഹണം നടത്താൻ ചുമതലപ്പെട്ട തദ്ദേശഭരണ സ്ഥാപനം ജനുവരി 31-ന് മുമ്പായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം തിരികെ നൽകേണ്ടതാണ്.

6) മുൻ ഖണ്ഡികകളിൽ വിവരിച്ചത് പ്രകാരം ആവിഷ്കരിക്കുന്ന പ്രോജക്ടുകളുടെ വിഹിതം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറാനും സ്വീകരിക്കാനും പാടുള്ളൂ. അപ്രകാരമല്ലാതെ തുക കൈമാറാനോ സ്വീകരിക്കാനോ പാടുള്ളതല്ല. ഇതിന്റെ ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ആർ.രാജീവ്,
അഡീഷണൽ സെക്രട്ടറി.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം. (പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും നൽകേണ്ടതാണ്).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും. (ജില്ലാ കളക്ടർമാർ)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
എല്ലാ ടി.എജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പോർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി// കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ (ഡി.എ), (ഡി.ബി), (ഡി.സി), (ഡി.ഡി) വകുപ്പുകൾക്ക്.